STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.451/PR/SPMC/PHQ/2026 Date:26.09.2026

# പത്രക്കുറിപ്പ്

## ഓപ്പറേഷൻ തൂഫാൻ:

## ഇതുവരെ അറസ്റ്റിലായത് 12509 പേർ

## മലപ്പുറം ജില്ലയിൽ നിന്ന് മാത്രം 1267 പേർ അറസ്റ്റിലായി

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇതുവരെ 12509 പേരെ അറസ്റ്റ് ചെയ്തു. കഴിഞ്ഞ ദിവസം, 55 കേസുകളിലായി 60 പേർ കൂടി അറസ്റ്റിലായതോടെ ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി എടുത്ത കേസുകളുടെ എണ്ണം 11610 ആയി.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നാളിതുവരെ ഏറ്റവും കൂടുതൽ പേർ അറസ്റ്റിലായത് മലപ്പുറത്ത് നിന്നുമാണ്. രണ്ടാം സ്ഥാനത്ത് കോഴിക്കോട് സിറ്റിയാണ്. കൊച്ചി സിറ്റിയും കോട്ടയവുമാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. കണ്ണൂർ റൂറൽ ജില്ലയിൽ നിന്നാണ് ഏറ്റവും കുറവ് അറസ്റ്റ് നടന്നിട്ടുള്ളത്. 181 പേർ.

ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തത് കോഴിക്കോട് സിറ്റിയിലാണ്. രണ്ടാം സ്ഥാനത്ത് മലപ്പുറം ജില്ലയാണ്. കോട്ടയം ജില്ലയാണ് മൂന്നാം സ്ഥാനത്ത്. പാലക്കാടും കൊച്ചി സിറ്റിയുമാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. ഏറ്റവും കുറവ് കേസുകൾ രജിസ്റ്റർ ചെയ്തത് കണ്ണൂർ റൂറൽ ജില്ലയിലാണ്. 176 കേസുകൾ.

ഇതുവരെ 24355.602 ഗ്രാം എം.ഡി.എം.എയും 1544.586 കി.ഗ്രാം കഞ്ചാവും 444.160 ഗ്രാം ചരസും 10324 കഞ്ചാവ് ചെടികളും പിടിച്ചെടുത്തിട്ടുണ്ട്.

കഴിഞ്ഞ ദിവസം രജിസ്റ്റർ ചെയ്ത കേസുകളിൽ സ്മാൾ ക്വാണ്ടിറ്റി കൈവശം വച്ചതിന് 19 കേസുകളും മീഡിയം ക്വാണ്ടിറ്റി കൈവശം വച്ചതിന് മൂന്ന് കേസുകളും കൊമേർഷ്യൽ ക്വാണ്ടിറ്റി കൈവശം വച്ചതിന് ഒരു കേസും 27 എൻ.ഡി.പി.എസ് ആക്ട് പ്രകാരം 32 കേസുകളും കോട്പ പ്രകാരം 26 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് 108.660 ഗ്രാം എം.ഡി.എം.എയും 8.303 കി.ഗ്രാം കഞ്ചാവും 2.5 ഗ്രാം ചരസും 1600 കഞ്ചാവ് ചെടികളും പിടിച്ചെടുത്തിട്ടുണ്ട്.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇന്നലെ മാത്രം സംസ്ഥാനത്തുടനീളം കേരള പോലീസ് 45 ബോധവത്ക്കരണ ക്ലാസുകൾ നടത്തി. ഇതുവരെ നടത്തിയ ആകെ ബോധവത്ക്കരണ ക്ലാസ്സുകളുടെ എണ്ണം 10264 ഉം കൗൺസിലിങ്ങുകളുടെ എണ്ണം 840 ഉം ആണ്. സ്കൂൾ, കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആകെ 7048 ബോധവത്ക്കരണ പരിപാടികളും നടത്തി.

ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും (9497979794, 9497927797) വാട്സ്ആപ്പ് (9995966666) മുഖേനയും പോലീസിനെ അറിയിക്കാം. ഈ നമ്പറുകളിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ